ഭരണഭാഷ – മാതൃഭാഷ
വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)
ട്രെയിനിംഗ് ഡയറക്ടറേറ്റ്,

തൊഴിൽ ഭവൻ
തിരുവനന്തപുരം.33

നം.ഡിറ്റി/97/2025-എ5 തീയതി :14-01-2025
ട്രെയിനിംഗ് ഡയറക്ടർ

എല്ലാ സ്ഥാപന മേധാവികൾക്കും
(വകുപ്പ് വെബ്സൈറ്റ് മുഖേനെ)

സർ,

വിഷയം: വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ്- സംസ്ഥാന പിന്നോക്ക വിഭാഗ കമ്മിഷൻ - e-CDESK വെബ് പോർട്ടലിൽ ജീവനക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നത്- സംബന്ധിച്ച്.

സൂചന:- തൊഴിലും നൈപുണ്യവും (പി.എസ്) വകുപ്പിൽ നിന്നുള്ള 07-12-2024 ലെ PS/178/2024- തൊഴിൽ നമ്പർ കത്ത്.

കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ്റെ നിയന്ത്രണത്തിലുള്ള e-CDESK (e-Caste Database of Employees in Services-Kerala) വെബ്പോർട്ടലിൽ 2021 ശേഷം വകുപ്പിൽ നിയമതിരായ ജീവനക്കാരുടെ വിവരങ്ങൾ (സേവന പുസ്തകം പരിശോധിച്ച് ഉറപ്പ് വരുത്തി) ടി ജീവനക്കാർ നിലവിൽ സേവനത്തിലുള്ള കാര്യാലയത്തിൽ നിന്നും Upload ചെയ്യേണ്ടതും, സൂചന പ്രകാരമുള്ള മറ്റ് തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

Shammi Baker A, JD DTTVM, O/O JD DTTVPM
Signed by
Shammi Baker A
Date: 14-01-2025 19:44:49

ഉള്ളടക്കം : മേല്പ്പറഞ്ഞവ.

പകര്പ്പ്.

ശ്രീ. മനോജ് മാത്യു (JAA - Catering)

വകുപ്പ് നോഡൽ ഓഫീസർ

(പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി.)

"ഭരണഭാഷ- മാതൃഭാഷ"

19 DEC 2024

**കേരള സർക്കാർ**

തൊഴിലും നൈപുണ്യവും (പി.എസ്) വകുപ്പ്

07-12-2024,തിരുവനന്തപുരം

നമ്പർ. LBRD-PS/178/2024-LBRD

സെക്രട്ടറി

1) ലേബർ കമ്മീഷണർ, തിരുവനന്തപുരം

2) ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്, തിരുവനന്തപുരം

3) എംപ്ലോയ്മെന്റ് ഡയറക്ടർ, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ്, തിരുവനന്തപുരം

4) ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസ്, തിരുവനന്തപുരം

5) ഡയറക്ടർ, ഫാക്ടറീസ് & ബോയിലേഴ്സ്, തിരുവനന്തപുരം

6) മാനേജിങ് ഡയറക്ടർ, ODEPC, തിരുവനന്തപുരം

7) എക്സിക്യൂട്ട് ഡയറക്ടർ, KILE, തിരുവനന്തപുരം

8) മാനേജിങ് ഡയറക്ടർ, KASE, തിരുവനന്തപുരം

9) എക്സിക്യൂട്ടീവ് ഡയറക്ടർ, CHIAK വഴുതക്കാട്, തിരുവനന്തപുരം

10) മാനേജിങ് ഡയറക്ടർ, റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡ്, പുനലൂർ

11) ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, ഭവനം ഫൗണ്ടേഷൻ കേരള, ടി സി 13/287/1, പനച്ചമൂട്ടിൽ, മുളവന ജംഗ്ഷൻ, കുന്നുകുഴി, വഞ്ചിയൂർ. പി ഒ, തിരുവനന്തപുരം

സർ,

വിഷയം:- തൊഴിലും നൈപുണ്യവും വകുപ്പ് - സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ എന്നിവിടങ്ങളിലെ സ്ഥിരം ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ e-CDESK വെബ്പോർട്ടലിൽ Upload ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന:- പിന്നാക്കവിഭാഗ വികസന (ബി) വകുപ്പിന്റെ 17/07/2024 തിയതിയിലെ BCDD.B2/240/2020-BCDD നം. അനൗദ്യോഗിക കുറിപ്പും 30/10/2024 തീയതിയിലെ സർക്കുലറും. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സർക്കാർ, അർദ്ധ സർക്കാർ,

പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ എന്നിവിടങ്ങളിലെ സ്ഥിരം ജീവനക്കാരുടെ പൂർണമായ സംബന്ധിച്ച വിവരങ്ങൾ കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ നിയന്ത്രണത്തിലുള്ള e-CDESK (e-Caste Database of Employees in Services-Kerala) വെബ്പോർട്ടലിൽ അടിയന്തരമായി Upload ചെയ്യുവാനും e-CDESK വെബ്പോർട്ടലിൽ ജീവനക്കാരുടെ വിവരങ്ങൾ Upload ചെയ്യുവാൻ നാളിതുവരെ നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടില്ലാത്ത സ്ഥാപനങ്ങളിൽ നോഡൽ ഓഫീസർമാരെ നിയമിക്കുവാനും, e-CDESK വെബ്പോർട്ടലിൽ വിവരങ്ങൾ കൃത്യതയോടെ Upload ചെയ്യുവാനും വ്യതിയാനങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോൾ Upload ചെയ്ത ഡാറ്റയിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുവാനും ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുവാനും നോഡൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകേണ്ടതാണെന്നും, സ്ഥിരം ജീവനക്കാർ ഇല്ലാത്ത സ്ഥാപനങ്ങൾ പ്രസ്തുത വിവരം കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,
റെറ്റി പി തോമസ്
അണ്ടർ സെക്രട്ടറി
സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by
Sarita Sarath
Date: 18-12-2024 10:54:39
സെക്ഷൻ ഓഫീസർ

19/12/24

11/12/24

**കേരള സർക്കാർ**

**പിന്നാക്ക വിഭാഗ വികസന (ബി) വകുപ്പ്**

നം. 2104352/ബി2/2019/പിവിവിവ

തിരുവനന്തപുരം,
തീയതി: 07/08/2019

## സർക്കുലർ

വിഷയം:- പിന്നാക്ക വിഭാഗ വികസന വകുപ്പ് -സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ,സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം സംബന്ധിച്ച് വിവരങ്ങൾ പിന്നാക്ക വിഭാഗ കമ്മീഷന്റെ നിയന്ത്രണത്തിലുള്ള Webportal -ലേയ്ക്ക് ആഗസ്റ്റ് 17 -ന് മുൻപ് upload ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന - 02.07.2019 ൽ നടന്ന ഉന്നതാധികാര സമിതിയുടെ തീരുമാനങ്ങൾ.

സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയം ഭരണ സ്ഥാപനങ്ങൾ,എന്നിവിടങ്ങളിലെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന് പിന്നാക്ക വിഭാഗ കമ്മീഷന്റെ നിയന്ത്രണത്തിൽ e-CDESK എന്ന ഒരു വെബ് പോർട്ടൽ ആരംഭിച്ച് എല്ലാ വകുപ്പുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു വരികയാണ്. ടി വിവര ശേഖരണത്തിന്റെ പുരോഗതി വിലയിരുത്തുന്നതിനായി 02/07/19 ന് ബഹു.മുഖ്യ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകന മീറ്റിംഗിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 14 പൊതുമേഖലാ സ്ഥാപനങ്ങൾ നാളിതുവരെയായി നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടില്ല. 10 സർക്കാർ വകുപ്പുകൾ മാത്രമേ Data entry പൂർത്തീകരിച്ചിട്ടുള്ളൂ. ആയതിനാൽ ബന്ധപ്പെട്ട സെക്രട്ടറിമാരുടെ യോഗം വിളിച്ച് വിവരങ്ങൾ അടിയന്തരമായി Upload ചെയ്യുന്നതിന് നിർദ്ദേശം നൽകുവാൻ ബഹു.ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയുണ്ടായി.

മേൽ തീരുമാന പ്രകാരം ബഹു.ചീഫ് സെക്രട്ടറിയും, സെക്രട്ടറിമാരുമായുള്ള മീറ്റിംഗിൽ ഈ വിഷയം ചർച്ച ചെയ്യുകയും ആഗസ്റ്റ് മാസം 17-ാം തീയതി എല്ലാ വകുപ്പുകളും, വിവരങ്ങൾ Upload ചെയ്യുന്നതിന് നിർദ്ദേശം നൽകുവാൻ തീരുമാനിച്ചിട്ടുള്ളതുമാണ്.

മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താങ്കളുടെ ഭരണ നിയന്ത്രണത്തിലുള്ള എല്ലാ വകുപ്പുകളും, (ഡയറക്ടറേറ്റ്, ജില്ലാ ആഫീസുകൾ, മറ്റ് സ്ഥാപനങ്ങൾ ) അതാത് വകുപ്പുകളിലെ പിന്നാക്ക വിഭാഗ പ്രാതിനിധ്യം സംബന്ധിച്ച വിവരങ്ങൾ ആഗസ്റ്റ് മാസം 16-ാം തീയതിക്കു മുൻപ് വെബ് പോർട്ടലിലേയ്ക്ക് Upload ചെയ്യുന്നതിനും പൂർത്തീകരിക്കുവാൻ സാധിക്കാത്ത വകുപ്പുകൾ ആഗസ്റ്റ് 17 ന് മറ്റെല്ലാ ജോലികളും നിർത്തിവച്ച് ടി വിവരങ്ങൾ Upload ചെയ്ത് പൂർത്തീകരിച്ച് വിവരം

റിപ്പോർട്ട് ചെയ്യുന്നതിനു എല്ലാ വകുപ്പ് തലവൻമാർക്കും നിർദ്ദേശം നൽകേണ്ടതാണെന്ന വിവരം അറിയിക്കുന്നു.

ബിശ്വനാഥ് സിൻഹ
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി,സെക്രട്ടറി എന്നിവർക്ക്
എല്ലാ വകുപ്പ് മേധാവികൾക്കും

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

No.BCDD.B2/240/2020-BCDD

പിന്നാക്ക വിഭാഗ വികസന(ബി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 30-10-2024

## സർക്കുലർ

വിഷയം:- പിന്നാക്ക വിഭാഗ വികസന വകുപ്പ് - സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ എന്നിവിടങ്ങളിലെ സ്ഥിരം ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ e-CDESK വെബ്പോർട്ടലിൽ Upload ചെയ്യുന്നത് - സംബന്ധിച്ച്

സൂചന
1) 07.08.2019-ലെ 2104352/ബി2/2019/പിവിവിവ. സർക്കുലർ
2) കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ രജിസ്ട്രാരുടെ 07.08.2024-ലെ 401/സി/2024/കെ.എസ്.സി.ബി.സി. നമ്പർ കത്ത്.

സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ എന്നിവിടങ്ങളിലെ ജീവനക്കാരിലെ വിവിധ വിഭാഗങ്ങളുടെ പ്രാതിനിധ്യം സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന് കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ നിയന്ത്രണത്തിൽ e-CDESK (e-Caste Database of Employees in Service Kerala) എന്ന വെബ് പോർട്ടൽ സജ്ജമാക്കുകയും, എല്ലാ വകുപ്പുകളിലെയും വകുപ്പുകളുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെയും സ്ഥിരം ജീവനക്കാരുടെ വിവരങ്ങൾ ശേഖരിച്ചു വരികയുമാണ്. ഓരോ സ്ഥാപനത്തിന്റെയും സ്ഥിരം ജീവനക്കാരുടെ വിവരങ്ങൾ 16.08.2019-നകം e-CDESK വെബ്പോർട്ടലിൽ അപ് ലോഡ് ചെയ്യുന്നതിന് വകുപ്പ് തലവൻമാർക്ക് നിർദ്ദേശം നൽകുവാൻ എല്ലാ വകുപ്പുകൾക്കും സൂചന (1) പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ നിയന്ത്രണത്തിലുള്ള e-CDESK വെബ്പോർട്ടലിൽ ഇതുവരെ വിവിധ സർക്കാർ വകുപ്പുകളും സർക്കാർ നിയന്ത്രണ സ്ഥാപനങ്ങളും ഉൾപ്പെടെ ആകെ 462 സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ആയതിൽ e-CDESK വെബ്പോർട്ടലിൽ നാളിതുവരെയും ജീവനക്കാരുടെ വിവരങ്ങൾ Upload ചെയ്യാത്ത 146 സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളുണ്ട്. കൂടാതെ 116 സർക്കാർ വകുപ്പ് / സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിലെ വിവരങ്ങൾ ബന്ധപ്പെട്ട നോഡൽ ഓഫീസർമാർ അംഗീകാരം നൽകാത്തതിനെ തുടർന്ന് അപ് ലോഡ് ചെയ്യാനാകാതെ കെട്ടിക്കിടക്കുകയാണെന്നും സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ റിപ്പോർട്ടിൽ നിന്നും വ്യക്തമാകുന്നു.

ഈ സാഹചര്യത്തിൽ, സംസ്ഥാനത്തെ എല്ലാ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ എന്നിവിടങ്ങളിലെ സ്ഥിരം ജീവനക്കാരുടെ പൂർണ്ണമായ വിവരങ്ങൾ കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ നിയന്ത്രണത്തിലുള്ള e-CDESK വെബ് പോർട്ടലിൽ അടിയന്തരമായി അപ് ലോഡ് ചെയ്യുവാൻ ബന്ധപ്പെട്ട എല്ലാ വകുപ്പുകൾക്കും, സ്ഥാപനങ്ങൾക്കും നിർദ്ദേശം നല്കുന്നു. കൂടാതെ e-CDESK വെബ് പോർട്ടലിൽ ജീവനക്കാരുടെ വിവരങ്ങൾ അപ് ലോഡ് ചെയ്യുവാൻ നാളിതുവരെ നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടില്ലാത്ത സ്ഥാപനങ്ങളിൽ നോഡൽ ഓഫീസർമാരെ നിയമിക്കുവാനും, e-CDESK വെബ്പോർട്ടലിൽ വിവരങ്ങൾ കൃത്യതയോടെ അപ് ലോഡ് ചെയ്യുവാനും വ്യതിയാനങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോൾ അപ് ലോഡ് ചെയ്ത ഡാറ്റയിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുവാനും ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുവാനും നോഡൽ ഓഫീസർമാർക്ക് നിർദ്ദേശം നല്കേണ്ടതാണ്. അതോടൊപ്പം, സ്ഥിരം ജീവനക്കാർ ഇല്ലാത്ത സ്ഥാപനങ്ങൾ പ്രസ്തുത വിവരം കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ ശ്രദ്ധയിൽപെടുത്തേണ്ടതാണ്.

ഇക്കാര്യത്തിൽ ആവശ്യമായ അടിയന്തിര തുടർനടപടികൾ സ്വീകരിക്കുവാൻ സെക്രട്ടറിയേറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും ഇതിനാൽ നിർദ്ദേശം നൽകുന്നു.

പ്രശാന്ത് എൻ ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

സെക്രട്ടറിയേറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും

രജിസ്ട്രാർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ, കനകനഗർ കവടിയാർ പി.ഒ., തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Navasukutty K
സെക്ഷൻ ഓഫീസർ
Date: 01-11-2024 11:02:44